LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജല അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുടെ ആദ്യത്തെ പ്ലാന്റ് തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിലും പി.വി.സി. പൈപ്പു ഫാക്ടറി കൊല്ലം ജില്ലയിലെ ചവറയിലുമാണ് സ്ഥാപിക്കുന്നത്.

(ബി) വാട്ടർ അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പദ്ധതിയായ തിരുവനന്തപുരത്തെ അരുവിക്കരയിലെ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള കരാർ ശിവം വാട്ടർ ട്രീറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, അഹമ്മദബാദ് എന്ന കമ്പനിക്കാണ് നൽകിയിരിക്കുന്നത്. ഇതിന്റെ ചെലവ് 313.65 ലക്ഷം രൂപയായി കണക്കാക്കുന്നു.

(സി) പദ്ധതിയുടെ കെട്ടിട നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. കരാറുകാരന് ഇതുവരെ പേയ്മെന്റ് ഒന്നും നൽകിയിട്ടില്ല.

(ഡി) പദ്ധതി 2011 മാർച്ച് 31 നു മുമ്പ് ഉൽപ്പാദനം ആരംഭിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എഗ്രിമെന്റ് പ്രകാരം 2011 മേയ് മാസത്തോടെ പണി പൂർത്തിയാക്കേണ്ടതാണ്. പ്രസ്തുത കരാറുകാർ പണി അടിയന്തരമായി തുടങ്ങി സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

63 (2161) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ എത്ര വൻകിട ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞു ;

(ബി) ഇപ്പോൾ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണപ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത് ;

(സി) ഇനിയും പൂർത്തിയാക്കാനുള്ള വൻകിട പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വാട്ടർ അതോറിറ്റിയുടെ കീഴിൽ വിവിധ പദ്ധതികളിലായി നാളിതുവരെ 81 വൻകിട ശുദ്ധജല വിതരണപദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ കീഴിൽ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ നിർമ്മാണത്തിലിരിക്കുന്ന വൻകിട പദ്ധതികൾ താഴെപ്പറയുന്നവയാണ് :

ജൈക്ക പദ്ധതി-4

1. കൊല്ലം ജില്ലയിലെ മീനാടിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

2. ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

3. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തൽ പദ്ധതി

4. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധ ജല വിതരണ പദ്ധതി

ജെ.എൻ.എൻ. ആർ.എം. പദ്ധതികൾ-2

യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതികൾ-13

കൊല്ലം ജില്ലയിലെ ചവറ -പന്മന പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സുനാമി പുനരധിവാസ ജലനിധി പദ്ധതിയുടെ പ്രവൃത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(സി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു. *

ജൈക്ക പദ്ധതികളിൽ മൂന്നു പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

മീനാട് പദ്ധതി-30-1-2011

ചേർത്തല പദ്ധതി - 25-2-2011

പട്ടുവം പദ്ധതി - 28-2-2011

ജലനിധിയുടെ കീഴിലുള്ള ചവറ-പന്മന പദ്ധതി 2011 ജനുവരി മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സ്പാൻ പദ്ധതിയിലുൾപ്പെടുത്തിയ ചീക്കോട് ശുദ്ധജല വിതരണ പദ്ധതി

64 (2162) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സ്പാൻ പദ്ധതിയിലുൾപ്പെടുത്തിയ ചീക്കോട് ശുദ്ധജല വിതരണ പദ്ധതിക്ക് എത്ര കോടി രൂപ വകയിരുത്തിയിരുന്നു ; എന്നാണ് ഈ പദ്ധതി പ്രഖ്യാപിച്ചത് എന്നിവ വ്യക്തമാക്കുമോ ;

(ബി) ഇതിനകം ഈ പദ്ധതിക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ വന്നതിനുശേഷം എത്ര രൂപ അനുവദിച്ചു എന്നും, അതിലെത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിനോടകം പൂർത്തിയായ പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) സ്പാൻ പദ്ധതിയിലുൾപ്പെടുത്തിയതിനുശേഷം പദ്ധതിയുടെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ തീയതി സഹിതം വെളിപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly